**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 26** **01-02-2023 - ൽ മറുപടിയ്ക്ക്**

**കോതമംഗലം നിയോജക മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | റീബിൽഡ് കേരള പദ്ധതിയിൽ, കോതമംഗലം മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ വരുന്ന റോഡുകളിൽ മണികണ്ടം ചാൽ - വെള്ളാരം കുത്ത് റോഡ് ഉൾപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | എറണാകുളം ജില്ലയിൽ കോതമംഗലം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട മണികണ്ടം ചാൽ - വെള്ളാരം കുത്ത് റോഡ് റീ ബിൽഡ് ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണം ചെയ്യുന്നതിന് പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് , റീ ബിൽഡ് കേരളം (തദ്ദേശ സ്വയഭരണ വകുപ്പ് )-നു കൈമാറിയിരുന്നു. എന്നാൽ ഈ റോഡിന്റെ ഭൂരിഭാഗവും കുട്ടമ്പുഴ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഇന്റർലോക്ക് ടൈൽസ് ഉപയോഗിച്ച് പുനരുദ്ധാരണം ചെയ്തിട്ടുള്ളതാണ്. അവശേഷിക്കുന്ന റോഡിന്റെ നീളം 500 മീറ്ററിന് താഴെ മാത്രമേ വരുന്നുള്ളൂ. മൂന്ന് മീറ്ററിൽ കുറവ് വീതിയും ഒരു കിലോമീറ്ററിൽ കുറവ് നീളവുമുള്ള റോഡുകൾ ആർ .കെ .ഐ - പി എം യൂ മുഖേന പുനർനിർമ്മിക്കേണ്ടതില്ല എന്നും പ്രസ്തുത റോഡുകൾ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ മുഖേനെ അറ്റകുറ്റപ്പണി നടത്തിയാൽ മതിയാകുമെന്നും ആർ.കെ .ഐ ഇമ്പ്ലിമെന്റേഷൻ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ മേൽപരാമർശിച്ച റോഡ് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർക്കു കൈമാറിയിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത റോഡ് നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എത്ര തുകയുടെ എസ്റ്റിമേറ്റ് ആണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | എറണാകുളം ജില്ലയിൽ കോതമംഗലം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട മണികണ്ടം ചാൽ - വെള്ളാരം കുത്ത് റോഡ് റീ ബിൽഡ് ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണം ചെയ്യുന്നതിന് പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് , റീ ബിൽഡ് കേരളം (തദ്ദേശ സ്വയഭരണ വകുപ്പ് )-നു കൈമാറിയിരുന്നു. എന്നാൽ ഈ റോഡിന്റെ ഭൂരിഭാഗവും കുട്ടമ്പുഴ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഇന്റർലോക്ക് ടൈൽസ് ഉപയോഗിച്ച് പുനരുദ്ധാരണം |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുള്ളതാണ്. അവശേഷിക്കുന്ന റോഡിന്റെ നീളം 500 മീറ്ററിന് താഴെ മാത്രമേ വരുന്നുള്ളൂ. മൂന്ന് മീറ്ററിൽ കുറവ് വീതിയും ഒരു കിലോമീറ്ററിൽ കുറവ് നീളവുമുള്ള റോഡുകൾ ആർ .കെ .ഐ - പി എം യു മുഖേന പുനർനിർമ്മിക്കേണ്ടതില്ല എന്നും പ്രസ്തുത റോഡുകൾ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ മുഖേനെ അറ്റകുറ്റപ്പണി നടത്തിയാൽ മതിയാകുമെന്നും ആർ.കെ .ഐ ഇമ്പ്ലിമെന്റേഷൻ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ മേൽപരാമർശിച്ച റോഡ് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർക്കു കൈമാറിയിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത റോഡ് നിർമാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിശദമാക്കാമോ; നിർമാണം എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (സി) | എറണാകുളം ജില്ലയിൽ കോതമംഗലം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട മണികണ്ഠം ചാൽ - വെള്ളാരം കുത്ത് റോഡ് റീ ബിൽഡ് ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണം ചെയ്യുന്നതിന് പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് , റീ ബിൽഡ് കേരളം (തദ്ദേശ സ്വയഭരണ വകുപ്പ് )-നു കൈമാറിയിരുന്നു. എന്നാൽ ഈ റോഡിന്റെ ഭൂരിഭാഗവും കുട്ടമ്പുഴ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഇന്റർലോക്ക് ടൈൽസ് ഉപയോഗിച്ച് പുനരുദ്ധാരണം ചെയ്തിട്ടുള്ളതാണ്. അവശേഷിക്കുന്ന റോഡിന്റെ നീളം 500 മീറ്ററിന് താഴെ മാത്രമേ വരുന്നുള്ളൂ. മൂന്ന് മീറ്ററിൽ കുറവ് വീതിയും ഒരു കിലോമീറ്ററിൽ കുറവ് നീളവുമുള്ള റോഡുകൾ ആർ .കെ .ഐ - പി എം യു മുഖേന പുനർനിർമ്മിക്കേണ്ടതില്ല എന്നും പ്രസ്തുത റോഡുകൾ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ മുഖേനെ അറ്റകുറ്റപ്പണി നടത്തിയാൽ മതിയാകുമെന്നും ആർ.കെ .ഐ ഇമ്പ്ലിമെന്റേഷൻ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ മേൽപരാമർശിച്ച റോഡ് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർക്കു കൈമാറിയിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചു വരുന്നു. |
| (ഡി) | റീബിൽഡ് കേരള പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ കോതമംഗലം മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ഡി) | റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിൽ വിവിധ വകുപ്പുകളുടേതായി നാളിതുവരെ 8034 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. ഇവയിൽ ഒട്ടുമിക്കവയും ബഹുവർഷ പദ്ധതികളാണ്. വകുപ്പുകൾ സമർപ്പിക്കുന്ന പദ്ധതി നിർദ്ദേശങ്ങളിൽ, റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ മാനദണ്ഡങ്ങൾക്ക് വിധേയമായവ ആർ.കെ.ഐ ഇമ്പ്ലിമെന്റേഷൻ കമ്മിറ്റി, ഉന്നതാധികാര സമിതി, മന്ത്രിസഭ എന്നീ തലങ്ങളിൽ പരിശോധിച്ച് പദ്ധതി |

| | | | |
|---|---|---|---|
| | | | നിർദ്ദേശങ്ങളുടെ യോഗ്യത, ഫണ്ട് ലഭ്യത തുടങ്ങിയവ കണക്കിലെടുത്ത് ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഇ) | റീബിൽഡ് കേരള പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ പ്രസ്തുത മണ്ഡലത്തിൽ നിന്ന് കൂടുതൽ പദ്ധതികൾ ഉൾപ്പെടുത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (ഇ) | റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിൽ വിവിധ വകുപ്പുകളുടേതായി നാളിതുവരെ 8034 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. ഇവയിൽ ഒട്ടുമിക്കവയും ബഹുവർഷ പദ്ധതികളാണ്. വകുപ്പുകൾ സമർപ്പിക്കുന്ന പദ്ധതി നിർദ്ദേശങ്ങളിൽ, റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ മാനദണ്ഡങ്ങൾക്ക് വിധേയമായവ ആർ.കെ.ഐ ഇമ്പ്ലിമെന്റേഷൻ കമ്മിറ്റി, ഉന്നതാധികാര സമിതി, മന്ത്രിസഭ എന്നീ തലങ്ങളിൽ പരിശോധിച്ച് പദ്ധതി നിർദ്ദേശങ്ങളുടെ യോഗ്യത, ഫണ്ട് ലഭ്യത തുടങ്ങിയവ കണക്കിലെടുത്ത് ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ